# സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി – സമ്മർ ക്യാമ്പിൻെറ സമാപനോടനുബന്ധിച്ച് പാസ്സിംഗ് ഔട്ട് പരേഡ് നടന്നു.

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും,സേവന സന്നദ്ധതയുമുള്ളതും നിയമത്തെ സ്വമേധയ അനുസരിക്കുകയും ചെയ്യുന്ന ഒരു യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിയിട്ടുള്ള പാഠ്യാനുബന്ധ പദ്ധതിയായ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ 2017 വർഷത്തെ എറണാകുളം റൂറൽ ജില്ലാ സമ്മർ ക്യാമ്പൻെറ സമാപനോടനുബന്ധിച്ച് ഇന്ന് (29.04.2017) രാവിലെ പാസ്സിംഗ് ഔട്ട് പരേഡ് നടന്നു.

പെരുമ്പാവൂർ ഗവഃബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ കഴിഞ്ഞ ചൊവ്വാഴ്ച മുതൽ (25.04.2107) ആരംഭിച്ച 5 ദിവസത്തെ ക്യാമ്പാണ് ഇന്ന് സമാപിച്ചത്.

പെരുമ്പാവൂർ ഗവഃബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ 22 പ്ലാറ്റൂണുകളായി 500 സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ അണിനിരന്ന പാസ്സിംഗ് ഔട്ട് പരേഡിൽ ബഹു. പെരുമ്പാവൂർ എം.എൽ.എ ശ്രീ. എൽദോസ് കുന്നപ്പിള്ളി മുഖ്യാതിഥിയായിരുന്നു.

സ്റ്റുഡൻറ് പോലീസ് കേഡറ്റുകളെ കൂടാതെ 44 അദ്ധ്യാപകരും (കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ) നിരവധി പോലീസ് ഉദ്യോഗസ്ഥരും രക്ഷകർത്താക്കളും മറ്റ് പൊതുജനങ്ങളും ചടങ്ങിൽ പങ്കെടുത്തു.

രാമമംഗലം ഹൈസ്കൂളിലെ കുമാരി ആര്യ രാജു പരേഡ് കമാൻററായി നടന്ന പരേഡിൽ ഏറ്റവും മികച്ച പ്ലാറ്റൂണായി പെരുമ്പാവൂർ ഗവ.ഗേൾസ് ഹൈസ്കൂളിനെ തിരഞ്ഞെടുത്തു.

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പ്രൊജക്റ്റ് എറണാകുളം റൂറൽ ജില്ലാ നോഡൽ ഓഫീസറും ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി യുമായ ഷീൻ തറയിൽ, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പ്രൊജക്റ്റ് എറണാകുളം റൂറൽ ജില്ലാ അസിസ്റ്റൻറ് നോഡൽ ഓഫീസർ എ.പി.ഷാജിമോൻ, നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി വി.കെ.സനിൽ കുമാർ, പെരുമ്പാവൂർ പോലീസ് ഇൻസ്പെക്ടർ എം.ബൈജു പൗലോസ്, സബ്ബ് ഇൻസ്പെക്ടർ ഫൈസൽ.പി.എ തുടങ്ങിയ ഓഫീസർമാർ പങ്കെടുത്തു.

വിജയികൾക്ക് ബഹു: എം.എൽ.എ ശ്രീ. എൽദോസ് കുന്നപ്പിള്ളി അവർകൾ ട്രോഫികൾ നൽകി.